**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5085** **20-07-2022 - ല്‍ മറുപടിയ്ക്ക്**

**ഭൂപണയ വായ്പയിന്മേല്‍ വില്ലേജ് ഓഫീസ് മുഖാന്തരമുള്ള നടപടിക്രമങ്ങള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാജന്‍<br>(റവന്യൂ-ഭവനനിര്‍മ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി പണയം വെച്ച് ദേശസാല്‍കൃത ബാങ്കില്‍ നിന്നും എടുക്കുന്ന ലോണിന്റെ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തില്‍ ലോണ്‍ തുക ഈടാക്കുന്നതിനായി വില്ലേജ് ഓഫീസ് മുഖാന്തരം എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | ജില്ലാ കളക്ടര്‍ അര്‍ത്ഥനാധികാരിയില്‍ നിന്നും ലഭിക്കുന്ന അര്‍ത്ഥനയുടെ അടിസ്ഥാനത്തില്‍ പുറപ്പെടുവിക്കുന്ന റവന്യൂ റിക്കവറി സര്‍ട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തില്‍ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിലേക്കായി. സ്ഥാവര ജംഗമ വസ്തുക്കള്‍ ജപ്തി ചെയ്ത് തുക ഈടാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസുകള്‍ താലൂക്ക് തഹസില്‍ദാര്‍, കുടിശ്ശിക കക്ഷികള്‍ക്ക് വില്ലേജ് ഓഫീസ് മുഖാന്തിരം നല്‍കുകയും നിശ്ചിത സമയത്തിനുള്ളില്‍ തുക അടവാക്കാത്തവരുടെ സ്ഥാവര ജംഗമ വസ്തുക്കള്‍ ജപ്തി ചെയ്യുന്നതിനാവശ്യമായ വിവരങ്ങള്‍ ശേഖരിച്ച് തഹസില്‍ദാര്‍ക്ക് നല്‍കുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത ലോണ്‍ തിരിച്ചടച്ച ശേഷവും വില്ലേജ് ഓഫീസില്‍ നിന്നും ഭൂവുടമയ്ക്ക് നോട്ടീസ് വരുന്നത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത നോട്ടീസിന് വില്ലേജ് ഓഫീസ് ഫീസ് ഈടാക്കാറുണ്ടോ; ഉണ്ടെങ്കില്‍ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | നിയമപ്രകാരം ഒരു അര്‍ത്ഥന റവന്യൂ വകുപ്പിലേക്ക് നല്‍കി കഴിഞ്ഞാല്‍ അര്‍ത്ഥനാധികാരി കുടിശ്ശികക്കാരനില്‍ നിന്നും നേരിട്ട് തുക ഈടാക്കാന്‍ പാടില്ലാത്തതാണ്. എന്നാല്‍ ചില അര്‍ത്ഥനാധികാരികള്‍ റവന്യൂ വകുപ്പിന് അര്‍ത്ഥന അയച്ച ശേഷവും നേരിട്ട് തുക ഈടാക്കുന്ന പ്രവണത കണ്ട് വരുന്നു. ഇത്തരം കേസുകളിലാണ് കക്ഷി നേരിട്ട് തുക ഒടുക്കിയത് അറിയാതെ വില്ലേജ് ഓഫീസില്‍ നിന്നും കെ.ആര്‍.ആര്‍ നിയമം വകുപ്പ് 7, 34 പ്രകാരമുള്ള നോട്ടീസുകള്‍ നല്‍കുന്നത്. ഇതിന് നിയമാനുസരണമുള്ള ഫീസും ഈടാക്കുന്നുണ്ട്. വകുപ്പ് 7 പ്രകാരമുള്ള ഫോറം നമ്പര്‍ -1 നും വകുപ്പ് 34 പ്രകാരമുള്ള ഫോറം നമ്പര്‍ 10 നും വെവ്വേറെ 85/- രൂപ വീതം ഈടാക്കുന്നു. |

സെക്ഷന്‍ ഓഫീസര്‍